ടോബിൻ കുമരകം

# കിട്ടുക്കുരങ്ങനും മുതലയമ്മയും

കാടിനുള്ളിലെ കിങ്ങിണിപ്പുഴയുടെ തീരത്തുള്ള മരക്കൊമ്പിലാണ് കിട്ടുക്കുരങ്ങനും കൂട്ടുകാരും കഴിഞ്ഞിരുന്നത്. കിങ്ങിണിപ്പുഴയിൽ മുതലയമ്മയും കുഞ്ഞുങ്ങളും കഴിഞ്ഞിരുന്നു. മഹാവികൃതിയായിരുന്ന കിട്ടുക്കുരങ്ങൻ ചെറുകല്ലുകളും മരച്ചില്ലകളും കൊണ്ട് മുതലയമ്മയെയും മക്കളെയും മരക്കൊമ്പിലിരുന്ന് എറിയുന്നത് പതിവായിരുന്നു. മറ്റുള്ളവരുടെ ഉപദേശം അവൻ ചെവിക്കൊണ്ടിരുന്നില്ല.

അങ്ങനെയിരിക്കെ ഒരു ദിവസം അവിടെ ഒരു വലിയ കാറ്റ് വീശി. കിട്ടുക്കുരങ്ങൻ ഇരുന്ന മരക്കൊമ്പ് ഒടിഞ്ഞ് പുഴയിൽ വീണു. മരക്കൊമ്പിനൊപ്പം 'പ്ളിം...' കിട്ടുക്കുരങ്ങനും പുഴയിലേക്ക് വീണു.

'രക്ഷിക്കണേ... ഞാനിപ്പം ചാകുവേ..!' അവൻ നിലവിളിച്ചു.

ഇത് മുതലയമ്മയുടെ കുഞ്ഞുങ്ങൾ കണ്ടു. അവർ മുതലയമ്മയോട് വിവരം പറഞ്ഞു:

''അമ്മേ... നമ്മളെ എറിയുന്ന കിട്ടുക്കുരങ്ങൻ പുഴയിൽ വീണു. അവന് അങ്ങനെ തന്നെ വരണം.''

''എന്നിട്ട് നിങ്ങള് എന്തിനാ ഇങ്ങ് തിരിച്ചുപോന്നത്? നിങ്ങള് കാണിച്ചത് ശരിയായില്ല. നമുക്ക് അവനെ രക്ഷിക്കണം..'' ഇതും പറഞ്ഞുകൊണ്ട് മുതലയമ്മ അവരുമായി മുങ്ങിത്താഴ്ന്ന് നിലവിളിക്കുന്ന കിട്ടുക്കുരങ്ങന്റെ അടുത്തെത്തി. അവനെ പുറത്തേറ്റി കരയിലെത്തിച്ചു. പിന്നീടൊരിക്കലും അവൻ മുതലയമ്മയെയും കുഞ്ഞുങ്ങളെയും ഉപദ്രവിച്ചിട്ടില്ല.

